ഉത്തരം

(എ) നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി & സി) വായ്പയ്ക്കുള്ള അപേക്ഷയോടൊപ്പം സമർപ്പിക്കുന്ന സാലറി സർട്ടിഫിക്കറ്റിന്മേൽ സ്ഥിരീകരണം ലഭിക്കുന്ന ദിവസം തന്നെ ബൈലാ പ്രകാരം അനുവദനീയമായ വായ്പ നൽകുന്ന കാര്യം പരിശോധിച്ച് ആവശ്യമായ നിർദ്ദേശം നൽകുന്നതാണ്.

സഹകരണ വകുപ്പിലെ ആഡിറ്റ്

75 (7911) ശ്രീ. എ. എ. അസീസ് :

ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർമാരുടെ ജോലി എന്താണെന്ന് വ്യക്തമാക്കുമോ ;

(ബി) ഏതൊക്കെ തരം സഹകരണ സ്ഥാപനങ്ങളെയാണ് ആഡിറ്റിന് വിധേയമാക്കുന്നത് ;

(സി) കൺകറന്റ്, യൂണിറ്റ്തല ആഡിറ്റർമാർ ഓരോ മാസവും ചെയ്തു തീർക്കേണ്ട ആഡിറ്റ് വർഷങ്ങളുടെ എണ്ണം നിശ്ചയിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്രയാണെന്ന് വിശദവിവരം ലഭ്യമാക്കുമോ ;

(ഡി) ആഡിറ്റർമാർക്ക് അധിക ജോലി ഭാരം അടിച്ചേൽപ്പിക്കുന്നതിന്റെ ഫലമായി കൃത്യമായ ആഡിറ്റിംഗ് നടത്താതെ റിപ്പോർട്ട് സമർപ്പിക്കാൻ നിർബന്ധിതരാകുന്ന എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) സഹകരണ സംഘങ്ങളുടെ എണ്ണവും ആഡിറ്റർമാരുടെ അനുപാതവും വ്യക്തമാക്കുമോ ;

(എഫ്) ആഡിറ്റർമാർക്ക് കൃത്യമായ ഓഡിറ്റിംഗ് നടത്തുന്നതിന് മതിയായ സമയം അനുവദിക്കുമോ ?

ഉത്തരം

(എ) ഒരു സഹകരണ സംഘത്തിന്റെ രൂപീകരണം മുതൽ അതിന്റെ ഭരണപരമായ മുഴുവൻ ചുമതലകൾക്കും മേൽനോട്ടവും മാർഗ്ഗനിർദ്ദേശവും നൽകേണ്ട ഉദ്യോഗസ്ഥനാണ് സഹകരണ ഇൻസ്പെക്ടർ. സംഘം സൂക്ഷിക്കേണ്ട രജിസ്റ്ററുകളും

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

രേഖകളും കൃത്യമായി എഴുതി സൂക്ഷിക്കുന്നുണ്ടോ എന്നും സംഘം പ്രവർത്തനം നിയമാനുസൃതമാണോ എന്നും പരിശോധന നടത്തുക, സംഘങ്ങളുടെ സ്റ്റോക്ക് പരിശോധന നടത്തുക, സംഘത്തിനെതിരെയുള്ള അഴിമതിയാരോപണങ്ങളിൽ അന്വേഷണ ഉദ്യോഗസ്ഥനായി പ്രവർത്തിക്കുക, ആർബിട്രേഷൻ കേസ് കേട്ട് തീർപ്പ് കൽപ്പിക്കുക, എക്സിക്യൂഷൻ പെറ്റീഷനുകളിൽ തീർപ്പ് കൽപ്പിക്കുക, വായ്പാ തിരിച്ചടവ് നടപടികളിൽ സെയിൽ ആഫീസറായി പ്രവർത്തിക്കുക, ആവശ്യമായ ഘട്ടങ്ങളിൽ അഡ്മിനിസ്ട്രേറ്ററായി പ്രവർത്തിക്കുക, സംഘം ഭരണ സമിതിയിലേക്കുള്ള തെരഞ്ഞെടുപ്പ് നടത്തുന്നതിന് റിട്ടേണിംഗ് ഓഫീസറായി പ്രവർത്തിക്കുക. കൂടാതെ സർക്കാർ ധനസഹായങ്ങൾ ലഭ്യമാക്കുക, കാർഷിക കാർഷികേതര പദ്ധതികളിലൂടെ അംഗങ്ങൾക്ക് വേണ്ടത്ര സഹായങ്ങൾ ലഭ്യമാക്കുക, വായ്പ, കൃഷി, വാണിജ്യം, ഉപഭോക്തൃ മേഖലകളിൽ പുരോഗതി ആർജ്ജിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക, സംഘം പ്രവർത്തനം വിലയിരുത്തി മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുക തുടങ്ങിയവ ഇൻസ്പെക്ടറുടെ ചുമതലകളിൽപ്പെടുന്നവയാണ്.

(ബി) 1969-ലെ കേരള സഹകരണ സംഘം നിയമപ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ സഹകരണ സ്ഥാപനങ്ങളെയും ആഡിറ്റിന് വിധേയമാക്കുന്നുണ്ട്.

(സി) നിശ്ചയിച്ചിട്ടുണ്ട്. യൂണിറ്റ് ആഡിറ്റർമാർ പ്രതിമാസം മൂന്ന് ആഡിറ്റ് റിപ്പോർട്ടുകൾ സമർപ്പിക്കണം. കൺകറന്റ് ആഡിറ്റർമാർക്ക് ആഡിറ്റ് സമകാലമാക്കുന്നതുവരെ സംഘത്തിന്റെ പ്രവർത്തന വൈപുല്യം അനുസരിച്ച് ആഡിറ്റ് തീർക്കുവാനുള്ള തീയതി നിശ്ചയിച്ച് നൽകുകയാണ് ചെയ്യുന്നത്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) 1-4-2014-ൽ സംസ്ഥാനത്ത് ആകെ 23966 സംഘങ്ങളുണ്ട്. ഇതിൽ 6209 എണ്ണം ആർ.എൻ.എ. ആണ്. ബാക്കി 17757 ആഡിറ്റബിൾ സംഘങ്ങൾ ഉള്ളതിൽ 4740 സംഘങ്ങളിൽ 1295 സമകാല ആഡിറ്റർമാർ ആഡിറ്റ് നിർവ്വഹിച്ചുവരുന്നു. ബാക്കിയുള്ള 13017 സംഘങ്ങളുടെ ആഡിറ്റ് 435 യൂണിറ്റ് ആഡിറ്റർമാർ നിർവ്വഹിച്ചുവരുന്നു. യൂണിറ്റ് ആഡിറ്റർമാരുടെ അനുപാതം 1:30 ആണ്. ആർ.എൻ.എ. സംഘങ്ങളുടെ ആഡിറ്റ് കൂടി ഉൾപ്പെടുത്തിയാൽ അനുപാതം 1:44 ആകും.

(എഫ്) ഓഡിറ്റിംഗിന് മതിയായ സമയം അനുവദിക്കുന്നുണ്ട്.